# സർവസംഗ്രാഹിയായ അദ്വൈത ദൈവം

## ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്



'സർവസംഗ്രാഹിയായത്' എന്ന പദം സംസ്കൃത ഭാഷയിൽ അല്പം ജ്ഞാനമുള്ള ഏവർക്കും സുപരിചിതമാണ്. ദൈവം സ്നേഹമാണ്, ദൈവം ത്രിയേകനും, നിരീശ്വരന്മാർ ഉൾപ്പെടെ ഏവരുടെയും ദൈവമാണ് എന്നതാണ് ഇതിന്റെയർത്ഥം.

വിവിധ യുഗാന്ത്യവീക്ഷണം വേദപുസ്തകത്തിലുണ്ട്. അതിലൊന്നാണ് പരിശുദ്ധ റൂഹായ്ക്ക് എതിരായ പാപം എവിടെയും ക്ഷമിക്കയില്ല എന്നുള്ളത്. ഇങ്ങനെയുള്ള ചില മുറിവാക്യങ്ങൾ ഉപയോഗിച്ച് ക്രിസ്തുമതം പഠിപ്പിക്കുന്നത് ശരിയല്ല.

1 യോഹ. 5:16 അനുസരിച്ച് നിത്യനരകവും ബസ്ഫുർക്കാനയും ഉണ്ട്. എന്നാൽ 'ദൈവം സ്നേഹമാണെന്നുള്ള' ദൈവശാസ്ത്രപ്രകാരം നിത്യനരകമുണ്ടെന്ന് വാദിക്കാവുന്നതല്ല.

കാൾബാർത്തിനോട് ചേർന്ന് ഈ ലേഖകൻ പറയുന്നത്, യേശുക്രിസ്തു കൈവിടപ്പെട്ടത് സകലർക്കും വേണ്ടിയാകയാൽ മറ്റാരും കൈവിടപ്പെടുകയില്ല. ആകയാൽ പാതാളത്തിൽ പോയി അനുസരണം കെട്ടവരോട് സുവിശേഷം അറിയിച്ച യേശുമശിഹാ, മരിച്ചവർക്കും അനുതാപ സാദ്ധ്യത നൽകുന്നു. യൂദാസ്കറിയോത്താ ഉൾപ്പെടെ എല്ലാവരുടെയും പാപം അവർ അനുതപിച്ചാൽ ക്ഷമിക്കപ്പെടും എന്നാണ്.

### ഭൗതികവാദികൾ

വസ്തുവിനാണ് നിത്യത എന്ന് ഭൗതികവാദികൾ വാദിക്കുന്നു. എന്നാൽ മനുഷ്യന് ദേഹം, ദേഹി, ആത്മാവ് എന്ന trichotomy ദൈവം നൽകി. ജീവാത്മാവും പരമാത്മാവും മാനവരാശിക്കല്ലാതെ Sub human species ന് ഇല്ല. ഭൗതികവാദികളോട് ചോദിക്കുവാനുള്ളത്, മനുഷ്യനല്ലാതെ മൃഗങ്ങൾ എന്തുകൊണ്ട് അമ്പലമോ പള്ളിയോ പണിയുന്നില്ല എന്നുള്ളതാണ്. ഉല്പത്തി 1:26, 27 വാക്യങ്ങൾ സുപ്രധാനമാണ്. ദൈവസ്വരൂപവും സാദൃശ്യവും മനുഷ്യന് മാത്രമുള്ളതാണ്. മനുഷ്യനെപ്പോലെയിരിക്കുന്ന കുരങ്ങിന് സാദൃശ്യമില്ല, സ്വരൂപമേയുള്ളു. ശാസ്ത്രജ്ഞന്മാരും ദൈവസ്വരൂപവും സാദൃശ്യവും ഉള്ളതിനാലാണ് കണ്ടുപിടിത്തങ്ങൾ നടത്തുന്നത്. ഒന്നുമില്ലായ്മയിൽ നിന്നല്ല മനുഷ്യൻ സൃഷ്ടിച്ചെടുക്കുന്നത്, ഒരു ശവം മറ്റൊരു ശവത്തെ ജീവിപ്പിക്കുന്നില്ല. ജീവന്റെ ഉറവിടം ജീവനാണ്.

ദൈവസ്നേഹമാണ് അഗാപ്പെ. അത് സൂര്യരശ്മിപോലെ നന്മയിന്മേലും തിന്മയിന്മേലും പതിക്കുന്നു. ഞാൻ മരിച്ചാൽ എവിടെപ്പോകും എന്ന ചിന്ത മനുഷ്യർക്കു മാത്രമേയുള്ളു, മൃഗങ്ങൾക്കില്ല.

സർവസംഗ്രാഹിയായ ദൈവം എന്നതിന്റെ അർത്ഥം, ദൈവം പരിമിതനല്ല എന്നാണ്. നിത്യതയുടെ ഉണ്മയാണ് എന്നാണ്. ദൈവം സർവസംഹാരിയല്ല, സംഗ്രാഹിയാണ്. ഇവിടെ, സർവ്വം എന്ന വാക്കുകൊണ്ട് മാനവരാശിയെ മുഴുവനും ഉൾപ്പെടുത്തിയതാണ്. എന്നാൽ അഞ്ച് ദിവസത്തെ സൃഷ്ടിയും, ഈ സർവസംഗ്രാഹിയായ ദൈവത്തിന്റെ തന്നെ സൃഷ്ടിയാണ്. ഈ പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിച്ച ശേഷമാണ് മനുഷ്യനെ സൃഷ്ടിച്ചത്. ആകയാൽ പ്രപഞ്ചം ദൈവം സൃഷ്ടിച്ച തൊട്ടിലായും, ആ തൊട്ടിലിൽ വീഴുവാൻ സൃഷ്ടിച്ച മാനവരാശി ദൈവസാദൃശ്യമാണെന്നും പഠിക്കേണ്ടിവരും. Concrete reason മാത്രമാണ് കുരങ്ങിനുള്ളത്. Absolute reason മാനവരാശിക്ക് മാത്രമേയുള്ളു. ആകയാൽ knowledge ശാസ്ത്രീയ അറിവാണ്, wisdom ദൈവിക ജ്ഞാനമാണ്. ദൈവമില്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു എന്ന് വി. ബൈബിൾ (ps.14:1) പഠിപ്പിക്കുന്നു. വിശ്വാസികളും അവിശ്വാസികളും ദൈവസൃഷ്ടി തന്നെയാണ്. പല അവിശ്വാസികളും വീഴുമ്പോൾ ഈശ്വരാ എന്ന് വിളിച്ചാണല്ലോ മരിക്കുന്നത്.

ദൈവം മാത്രമാണ് നിത്യൻ, മുമ്പ് പറഞ്ഞതുപോലെ പിശാച് അന്ധകാരമാകുന്നു. അതിനെതിരായിട്ടാണ്

"വെളിച്ചം ഉണ്ടാകട്ടെ" എന്ന് ദൈവം കൽപിച്ചത്. കർത്താവിന്റെ പുനരാഗമന സമയത്ത്, ഇരുട്ട് കാണാതിരിപ്പാൻ തക്കവണ്ണം പിശാചിനും സന്തതികൾക്കും രണ്ടാം മരണമുണ്ട് (വെളി. 21:8). എന്നാൽ ദൈവമക്കൾക്ക് മരണമില്ല (വെളി. 21:4).

**അപ്പോൾ മുഖാമുഖമായി കാണും** (പിശാചിനെ ആരാധിക്കുന്നവരെക്കുറിച്ച്)

നാംസിന്റെ **നിത്യസ്നേഹകൂടാരം** എന്ന ചെറുഗ്രന്ഥത്തിൽ പി. എം. തോമസിന്റെ ലേഖനത്തിൽ പിശാച് ആരാധനയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല എന്ന് ഒരു നിരൂപണം ഉണ്ട്. അപ്പോൾ മുഖാമുഖമായി കാണും എന്ന് 1 കൊരി. 13:12-ൽ പറയുംപോലെ അവസാനവാക്ക് പറയേണ്ടത് ദൈവം തന്നെയാണ്. നിരീശ്വരരും പിശാച് ആരാധനക്കാരും വെളി. 21:18 പറയുന്നതനുസരിച്ച് രണ്ടാം മരണം പ്രാപിക്കും. "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അത് രണ്ടാമത്തെ മരണം" (വെളി. 21:8). വെളി. 21-ന്റെ ആദ്യഭാഗത്ത് 'പുതിയ ആകാശത്തെയും പുതിയ ഭൂമിയേയും' കുറിച്ച് പറയുമ്പോൾ 5-ാം വാക്യത്തിൽ വായിക്കുന്നത്, ഇനി മരണമില്ല ദുഃഖവും മുറവിളിയുമില്ല എന്നാണ്. 8-ാം വാക്യത്തിന് വിപരീതമാണ്. 8-ാം വാക്യമനുസരിച്ച് പിശാച് നിത്യാഗ്നിയിൽപെട്ട് നശിക്കും. യൂണിവേഴ്സലിസം പഠിപ്പിക്കുന്നവർക്ക് ഈ വാക്യം ഒരു ചോദ്യചിഹ്നമാണ്. അതിനാൽ എല്ലാ ചോദ്യങ്ങളുടെയും എല്ലാ ഉത്തരങ്ങളും നമുക്ക് പറയുവാൻ സാധ്യമല്ല എന്ന് നമുക്ക് സമ്മതിക്കേണ്ടിവരും. പിശാച് ആരാധകർ പിശാചിനോടുകൂടി നശിക്കും എന്നത് യുക്തിക്ക് ചേരുമെങ്കിലും, അവർ അനുതപിച്ചാൽ രക്ഷ പ്രാപിക്കും എന്ന് പറഞ്ഞെങ്കിൽ മാത്രമേ Universalism ശരിയാകൂ. എല്ലാം അറിയുന്നവൻ ദൈവം മാത്രമാകയാൽ ഇപ്രകാരമുള്ള ചോദ്യങ്ങൾക്ക് ഉത്തരം നാം പറയാതിരിക്കുന്നതാണ് നല്ലത്. മനുഷ്യൻ സൃഷ്ടിയാണല്ലോ സർവജ്ഞനും സർവ്വവ്യാപിയും ദൈവമത്രെ.

**നിത്യത ദൈവത്തിന്റെ മാത്രം ഉണ്മ**

എന്തുകൊണ്ട് നിത്യനരകമില്ല എന്ന് തെളിയിക്കുന്ന വേദപുസ്തകാധിഷ്ഠിതമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചില ഗ്രന്ഥങ്ങളിൽ അത് ചേർത്തിട്ടുള്ളതിനാൽ ഇവിടെ വിശദീകരണം നൽകുന്നില്ല. പ്രധാന ചിന്തകൾ മാത്രം രേഖപ്പെടുത്തുന്നു.

1. ദൈവം സ്നേഹമാകുന്നു. മക്കളെ ആരെയും നിത്യനരകത്തിലിടുകയില്ല.

2. നിത്യനരകം എന്ന വാക്ക് വേദപുസ്തകത്തിലോ Nicene creed ലോ ഇല്ല. ദൈവം മാത്രം നിത്യൻ.

3. നിത്യാഗ്നി എന്ന വാക്ക് വേദപുസ്തകത്തിലുണ്ടെങ്കിലും അത് പിശാചിനും അവന്റെ സന്തതിക്കും എന്ന് വെളി. 21:8-ൽ വായിക്കുന്നു.

4. എല്ലാ മനുഷ്യരിലും കുറച്ച് നന്മകൾ ഉണ്ടല്ലോ. ആ നന്മയ്ക്ക് പ്രതിഫലം ഇല്ലാതെ, നിത്യനരകത്തിൽ ആരെയെങ്കിലും ദൈവം തള്ളുമോ?

5. ഒരു മനുഷ്യന്റെ ആയുസ്സിൽ ചെയ്ത ചില പാപങ്ങൾക്ക് ശിക്ഷ നിത്യനരകം ആണെന്ന് പറയുന്നത് Reality യും absolute ഉം തമ്മിലുള്ള വ്യത്യാസം അറിയാതെയാണല്ലോ.

6. ദൈവശാസ്ത്രം വികസിക്കുന്നതിനു മുമ്പ് മതമൗലികവാദികൾ ഉണ്ടാക്കിയ വാക്കാണ് നിത്യനരകം.

7. നിത്യത എന്നത് ദൈവത്തിന്റെ മാത്രം ഉണ്മയാണ്.

പിശാച് ദൈവസൃഷ്ടിയല്ല, ഇരുൾ ഉണ്ടായിരുന്നു, വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞു. കർത്താവ് രണ്ടാമതു വരുമ്പോൾ പിശാചിന്റെ ഇരുൾ അവസാനിക്കും. അതാണ് പിശാചിന്റെ രണ്ടാം മരണം. ചൂളപോലെ കത്തുന്ന ദിവസം വരും (മലാഖി 4:1).

8. ബെസ്ഫുർക്കാന എന്ന് പറയുന്നത് നിത്യാഗ്നിയിലെ ശുദ്ധീകരണമാണ്, അല്ലാതെ മരണകരമല്ലാത്ത പാപങ്ങൾക്കുള്ള ശിക്ഷയല്ല (1 യോഹ. 5:16, 17). ബെസ്ഫുർക്കാനായെയും നിത്യനരകത്തെയും കുറിച്ചല്ല മരണകരമായ 7 പാപങ്ങൾ എന്നു പറയുന്നത്. അസൂയ, മടി.... തുടങ്ങിയവ ഏവർക്കും ഉള്ളതാണല്ലോ. അങ്ങനെയെങ്കിൽ സർവ്വരും നിത്യനരകത്തിൽ പോകുമോ? പാശ്ചാത്യസഭയുടെ തിയോളജിയിൽപ്പെട്ടതാണ് നിത്യനരകം. ഓർത്തഡോക്സ് സഭയിൽ കൃപയാലുള്ള രക്ഷയാണ്. വിശ്വാസത്തിലുള്ള നീതീകരണമല്ല. എഫേ. 2:8, കൃപയാലല്ലോ വിശ്വാസം മൂലം എന്നു പറയുന്നതല്ലാതെ, 'വിശ്വാസത്താലുള്ള കൃപ' എന്ന് എവിടെയും പറഞ്ഞിട്ടില്ല. കൃപ കഴിഞ്ഞേ നീതിയും, വിശ്വാസവും വരുന്നുള്ളൂ. കാരണം കൃപയുടെ അർത്ഥം ദൈവം സ്നേഹമാണെന്നത്രേ.

അഞ്ച് പടികൾ രക്ഷയ്ക്കുണ്ട്:

1. ദൈവകൃപ
2. വിശ്വാസം
3. സൽപ്രവൃത്തികൾ
4. രക്ഷയുടെ ആരംഭം ചരിത്രത്തിൽ
5. രക്ഷയുടെ പൂർണ്ണത നിത്യതയിൽ

ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം, മാനവരാശി മുഴുവനും ഏകപിതാവിന്റെ മക്കളാകയാൽ പരസ്പരം കണ്ണുനീർ ഒപ്പുന്നവരാകണം എന്നതാണ്.

സർവ്വസംഗ്രാഹി എന്ന വാക്കിന്റെ അർത്ഥം എല്ലാ നന്മയുടെയും പൂർണ്ണത എന്നാകുന്നു. ദൈവത്തിന്റെ ഉണ്മ സീമാതീതമാണ്. ദൈവസ്നേഹം വിശുദ്ധ ത്രിത്വത്തിൽ അറിയൂസ് പറഞ്ഞ Subnumeration അല്ല. മാർ ബസേലിയോസ് പറഞ്ഞ Conumeration ആണ്. അദ്വൈതദൈവം സർവ്വസംഗ്രാഹിയാണ്, പരിപൂർണ്ണനാണ്.

ആ അദ്വൈത ദൈവത്തിലുള്ള വിശ്വാസം മനുഷ്യഹൃദയങ്ങളിൽ സജീവമാകുമ്പോൾ വേർതിരിവിന്റെയും വിഭാഗീയതയുടെയും അവസ്ഥ മനുഷ്യസമൂഹത്തിൽ ഇല്ലാതാകും. എന്നാൽ ഇന്ന് പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന ഒരു വിഭാഗമാണ് ദലിതർ. അതിനാൽത്തന്നെ ദലിത് ദൈവശാസ്ത്രത്തിന് അതിന്റേതായ പ്രസക്തിയുണ്ട്.

### ദലിത് ദൈവശാസ്ത്ര പ്രസക്തി

വിമോചന ദൈവശാസ്ത്രം തുടങ്ങിയത് ലാറ്റിൻ അമേരിക്കയിലാണെങ്കിലും ഗുസ്റ്റാവോ ഗുട്ടീയിരസുമായി ഞാൻ ലിമയിൽ വിശദമായി സംസാരിക്കുകയുണ്ടായി. ക്രിസ്തീയ പ്രത്യാശ ചരിത്രത്തിൽ ഒരുക്കുന്നത് ശരിയാണോ എന്ന് ചോദിച്ചപ്പോൾ, മരണാനന്തര പ്രത്യാശ പുറകെ വന്നുകൊള്ളും എന്നായിരുന്നു മറുപടി. 20-ാം നൂറ്റാണ്ട്, കൊളോണിയലിസത്തിന്റെ അവസാനവും വിമോചന ദൈവശാസ്ത്രത്തിന്റെ ആരംഭവും കണ്ട നൂറ്റാണ്ടാണ്, ജർമ്മനിയുടെയും ഫ്രാൻസിന്റെയും മറ്റും കോളനികൾ സ്വതന്ത്രമായിത്തീർന്ന നൂറ്റാണ്ടാണ്. വിമോചന ദൈവശാസ്ത്രം, ആഫ്രിക്കയിൽ ബ്ലാക്ക് തിയോളജി, കൊറിയയിൽ മിഞ്ചുംഗ് എന്നും, ഇന്ത്യയിൽ ദലിത് എന്നും പേരു പറയുന്നുവെങ്കിലും, ഇസ്രായേൽ മക്കളുടെ വിമോചനം പോലെ, യേശുക്രിസ്തുവിനെ വിമോചകനായി ചിത്രീകരിക്കുന്നവരാണ്. James Boff തുടങ്ങി ലാറ്റിൻ അമേരിക്കൻ ഗ്രന്ഥങ്ങൾ വിമോചനശാസ്ത്രത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നത്, ദൈവം കറുത്തതും, പിശാച് വെളുത്തതുമാണെന്നാണ്, വെള്ളക്കാരാണ് അടിച്ചമർത്തുന്ന പിശാചുക്കൾ, കറുത്തവരാണ് മർദ്ദിതർ, യേശുക്രിസ്തു ഏഷ്യക്കാരനായി ജനിച്ചത് ദൈവത്തിന്റെ Identity മർദ്ദിതരോടൊപ്പമാണ് എന്നു കാണിക്കുവാനാണ്. Radical ideology എല്ലാ വിമോചന ദൈവശാസ്ത്രത്തിലും ഉണ്ടെങ്കിലും ഇന്ത്യയിലെ താണ ജാതിക്കാർ വടക്കെ ഇന്ത്യയിലാണ് അധികവും മർദ്ദിതരായിരിക്കുന്നത്. ബംഗാളിലും കേരളത്തിലും കമ്മ്യൂണിസം വന്ന് താണ ജാതികളുടെ വിമോചനം ആരംഭിച്ചുവെങ്കിലും പൂർത്തിയായി എന്നു പറയുവാൻ സാദ്ധ്യമല്ല. നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി പോലും ജാതിവ്യത്യാസം എതിർത്തെങ്കിലും, നാല് ജാതികളിൽ സമ്പന്നരായി നിൽക്കുന്നത് നല്ലതാണെന്നാണ് പഠിപ്പിച്ചത്. ഇന്ത്യൻ ജനാധിപത്യവും ദരിദ്രരുടെ പക്ഷം ചേർന്നുവെന്ന് പറയുവാൻ ആയിട്ടില്ല. ഇന്നത്തെ പത്രത്തിൽത്തന്നെ പാവപ്പെട്ടവരുടെ ഒരു സ്കൂൾ തീ വെച്ച് നശിപ്പിച്ചതായി കാണുന്നു. BJP യും R.S.S. ഉം ജനാധിപത്യം സ്വീകരിക്കുന്നത് നല്ല കാര്യമാണ്. മുസ്ലീം മേധാവിത്വവും, ബ്രാഹ്മണ, ക്രിസ്ത്യൻ മേധാവിത്വങ്ങൾ എല്ലാംതന്നെ അധികാരത്തിനായി നിൽക്കുന്നുവെങ്കിൽ അത് വിമോചന ദൈവശാസ്ത്രത്തിന് എതിരാണ്. കേരളത്തിൽ കീഴ്ജാതിക്കാരെയെല്ലാം നീക്കിനിർത്തിയിരുന്ന എന്റെ ബാല്യകാലം ഇപ്പോൾ മാറിയിരിക്കുകയാണ്. ഇക്കാര്യത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ അല്പം വിജയിച്ചുവെന്ന് പറയാതിരിപ്പാൻ സാദ്ധ്യമല്ല. കമ്മ്യൂണിസത്തിൽ നിരീശ്വരത്വത്തിന്റെ കാലം കഴിഞ്ഞിരിക്കുകയാണ്. ഇന്ന് പല കമ്മ്യൂണിസ്റ്റുകാരും ദൈവവിശ്വാസികളാണ്.

ബ്ലാക്ക് തിയോളജിയും, വിമോചന ദൈവശാസ്ത്രവും എല്ലാംതന്നെ വർഗീയതയായി മാറിയെങ്കിൽ എല്ലാ വർഗീയതയും തെറ്റാണെന്ന് പറയേണ്ടിവരും. ജനസംഖ്യാ കണക്കെടുപ്പിൽ ജാതി തിരിക്കണമെന്നും, തിരിക്കേണ്ട എന്നും രണ്ടഭിപ്രായങ്ങൾ കേട്ടുവല്ലോ. പൂർണ്ണ ജനാധിപത്യം വരുമ്പോൾ ജാതിവ്യത്യാസങ്ങൾ എല്ലാം മാറ്റുവാനാണ് സാദ്ധ്യത. ഹിന്ദു പാനി, മുസ്ലീം പാനി എല്ലാം വെവ്വേറെ വച്ചിരുന്ന കാലം കഴിഞ്ഞു. ഇപ്പോൾ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാല് ജാതികളും അതിന് താഴെയുള്ള കീഴ്ജാതിക്കാരും സഹോദരങ്ങളായി ജീവിക്കേണ്ട ഒരു കാലമാണ് ഉണ്ടാകേണ്ടത്. ആരാധനയും മതവും സ്വാതന്ത്ര്യത്തിന്റെ ഭാഗമാകയാൽ അതനുവദിച്ചുകൊടുക്കുകയും നിർബന്ധിത മതപരിവർത്തനം അവസാനിപ്പിക്കുകയും വേണം.

### മാറ്റമില്ലാ ദൈവം മാറ്റമുള്ള ദൈവശാസ്ത്രം

"യഹോവയായ ഞാൻ മാറാത്തവൻ, അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരേ നിങ്ങൾ മുടിഞ്ഞു പോകാതിരിക്കുന്നു"(മലാഖി 3:6).

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ" (എബ്രാ. 13:8).

മാറാത്തവനാണെങ്കിലും ദൈവത്തെക്കുറിച്ച് വെളിപ്പാടും യുക്തികളും സിദ്ധാന്തങ്ങളും വിവിധങ്ങളാണ്. പഴയനിയമത്തിലെ യഹോവയായ ദൈവം പല ദൈവങ്ങളിൽ സുപ്രീം ദൈവമായാണ് കണക്കാക്കുന്നത്. 10 കല്പനകളിൽ ഞാനല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത് എന്നതിന് കാരണം. അതാണ് ഹിന്ദുമതത്തിൽ Polytheism, Monotheism, Monism, Advaitham ഉണ്ട്. ഇവയിലെല്ലാം വിശ്വസിക്കുന്ന വിശ്വാസികളും ഉണ്ട്. ഇസ്ലാമിൽ കരുണാമസൃണനായ അള്ളാഹു ഏകനാണ്. Dualism വും Monotheism വും എല്ലാം തെറ്റായാണ് വ്യാഖ്യാനിക്കുന്നത്. പുതിയനിയമത്തിൽ പിതാവ് ദൈവമാണ്, പുത്രൻ ദൈവമാണ്, പരിശുദ്ധറൂഹാ ദൈവമാണ്. മൂന്ന് ദൈവങ്ങളില്ല, സ്നേഹമാകയാൽ ത്രീയേകമാണ്. വിശിഷ്ടാദ്വൈതത്തിൽ ശ്രീശങ്കരന്റെ കേവലാദ്വൈതത്തെ തിരുത്തിയിട്ട് ദൈവത്തിന് വിശേഷണം ഉണ്ട് എന്ന് രാമാനുജൻ പഠിപ്പിക്കുന്നു. നേതി നേതി എന്ന് വേദങ്ങളിൽ പറയുന്നത്, ദൈവം ഗുണങ്ങൾക്ക് അതീതൻ എന്ന് ശങ്കരനും തെറ്റായ ഗുണങ്ങൾ ഇല്ലാത്തവനും, നല്ല ഗുണങ്ങൾ ഉള്ളവൻ എന്ന് രാമാനുജനും പഠിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ ത്രിത്വം വിശ്വസിക്കുന്നവരും, ഇല്ലാത്തവരും ഉണ്ട്. ബലഹീനനായ എനിക്ക് ദൈവം തന്ന Theology പ്രകാരം ദൈവം സ്നേഹമാകയാൽ ത്രിയേകനാണെന്നും, അദ്വൈതദൈവമാണെന്നും മനസ്സിലാക്കുന്നു.

ദൈവശാസ്ത്രങ്ങൾ പലതാണെങ്കിൽത്തന്നെയും സ്നേഹം എന്ന അളവുകോലാണ് മനുഷ്യനിൽ നിന്ന് ദൈവം

പ്രതീക്ഷിക്കുന്നത്. അതുകൊണ്ടാണ് മത്തായി 25-ൽ പറയുന്ന അന്ത്യന്യായവിധിയിൽ ആവശ്യപ്പെടുന്ന 6 കാര്യങ്ങൾ എല്ലാംതന്നെ (വിശന്നു, ദാഹിച്ചു, അതിഥിയായിരുന്നു, നഗ്നനായിരുന്നു, രോഗിയായിരുന്നു, തടവിൽ ആയിരുന്നു) ദരിദ്രരുടെ ലക്ഷണങ്ങളാണ്. അവരെ സഹായിച്ചവർക്കു മാത്രമാണ് രക്ഷയും പ്രതിഫലവും ഉള്ളത്. സഹായിക്കാത്തവരെ, ശപിക്കപ്പെട്ടവരേ എന്നാണ് വിളിച്ചിരിക്കുന്നത്. ദൈവം സ്നേഹമാകുന്നു എന്ന ഏക role model ആണ് ശിഷ്യന്മാരിൽ പ്രതീക്ഷിക്കുന്നത്. ഈ ഗുണങ്ങളുള്ള എല്ലാ ശിഷ്യന്മാരും രക്ഷ പ്രാപിക്കുന്നു. ആറും ഇല്ലാത്തവർ ശിക്ഷാർഹരാകുന്നു. അതുകൊണ്ടാണ് സ്നേഹത്തിന്റെ ഏകമതം ഉണ്ടാകണം എന്ന് ബലഹീനനായ എന്റെ എല്ലാ ഗ്രന്ഥങ്ങളും പഠിപ്പിക്കുന്നത്. ഇങ്ങനെ സ്നേഹമുള്ള, ബിൽ ഗേറ്റ്സിനെപ്പോലുള്ള കോടീശ്വരന്മാരും രക്ഷ പ്രാപിക്കും. ദൈവശാസ്ത്രം വിവിധമായിക്കൊള്ളട്ടെ, എന്നാൽ ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്ന് ദൈവം പറയുന്നത് സ്നേഹത്തെക്കുറിച്ചാണ്. Agape എന്ന സ്നേഹത്തിന് അനേക അർത്ഥങ്ങൾ ഉള്ളതാണ്. ജഡിക സ്നേഹത്തെ ഉദ്ദേശിച്ചല്ല, സ്നേഹിതരുടെ സ്നേഹവുമല്ല, ദൈവത്തിന്റെ സ്വയം വെറുമയാക്കുന്ന സ്നേഹത്തെക്കുറിച്ചാണ്. അഗാപ്പേ, ഈറോസ് എന്നുള്ള സുപ്രസിദ്ധ ഗ്രന്ഥത്തിൽപ്പോലും അഗാപ്പേ ദൈവത്തിന്റെ ഉണ്മയാണെന്ന് പറയുന്നില്ല. അനേകർക്കുവേണ്ടി ക്രൂശ് വഹിച്ചത് അനേകരെ സ്നേഹിച്ച യേശുവിന്റെ സ്നേഹമാണ് അഗാപ്പേ.

(സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം, സി.എസ്.എസ്, തിരുവല്ല, 2011, പേജ് 93-99)